ദേശാഭിമാനി

Sun, 09 February 2025

## കെട്ടിട നിർമാണ മേഖലയിലെ ഡീകാർബണൈസേഷൻ

# കേരള എനർജി മാനേജ്മെന്റ് സെന്ററുമായി ധാരണപത്രം ഒപ്പുവച്ച് ജിബിപിഎൻ

**തിരുവനന്തപുരം**

കേരളത്തിലെ കെട്ടിട നിർമാണ മേഖലയിൽ കാർബൺ ബഹിർഗമനം കുറയ്ക്കാനും ഊർജ കാര്യക്ഷമത ഉറപ്പുവരുത്താനും ലക്ഷ്യമിട്ടുള്ള പദ്ധതിക്ക് ഗ്ലോബൽ ബിൽഡിങ്സ് പെർഫോർമൻസ് നെറ്റ്‌വർക്കുമായി (ജിബിപിഎൻ) കേരള എനർജി മാനേജ്മെന്റ് സെന്റർ ധാരണപത്രം ഒപ്പുവച്ചു.

രാജ്യാന്തര ഊർജമേളയുടെ ഭാഗമായി 'ഡിജിറ്റൽ പ്ലാറ്റ്‌ഫോമുകളുടെ സാധ്യതയും ഊർജക്ഷമമായ നിർമാണ ആശയങ്ങളും നിർമാണ മേഖലയെ ഡീകാർബണൈസ് ചെയ്യുന്നതിനുള്ള പരിഹാര മാർഗങ്ങളും' എന്ന വിഷയത്തിൽ നടന്ന ചർച്ചയിലാണ് ധാരണപത്രം ഒപ്പുവച്ചത്. കാർബൺ ബഹിർഗമനം കുറയ്ക്കാനുള്ള നടപടികൾ, നടപ്പിലാക്കുന്നതിലെ വെല്ലുവിളികൾ, ബഹിർഗമനം കുറയ്ക്കാനുള്ള മാർഗനിർദേശങ്ങൾ, എന്നിവ ചർച്ച ചെയ്തു. പ്രാദേശിക സ്ഥാപനങ്ങളിൽ എനർജി കൺസർവേഷൻ ആൻഡ് സസ്റ്റൈനബിലിറ്റി ബിൽഡിങ് കോഡുകൾ (ഇസിഎസ്ബിസി), എനർജി പെർഫോമൻസ് ഇൻഡെക്സ്, വാട്ടർ പെർഫോമൻസ് ഇൻഡെക്സ് തുടങ്ങിയ വിവിധ രീതികൾ നടപ്പാക്കണമെന്ന് പാനലിസ്റ്റുകൾ ആവശ്യപ്പെട്ടു.

എനൽജി മാനേജ്മെന്റ് സെന്റർ ജോയിന്റ് ഡയറക്ടർ എ എൻ ദിനേശ് കുമാർ, കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷന്റെ ഡയറക്ടർ ജനറൽ നിസാമുദ്ദീൻ, ജിബിപിഎൻ ബോർഡ് ചെയർ ഡോ. സുനിത പുരുഷോത്തം, മഹീന്ദ്ര ലൈഫ്സ്പേസ് ഡെവലപ്പേഴ്സ് ലിമിറ്റഡിന്റെ സുസ്ഥിരതാ വിഭാഗം തലവൻ, ഗ്രീൻ ബിൽഡിങ് കൺസൾട്ടന്റ് സെൽവരാസു മാരു എന്നിവർ സംസാരിച്ചു.